(സി) ലഹരിവിരുദ്ധ ബോധവൽക്കരണ സെമിനാറുകൾ, ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ, സ്റ്റാളുകൾ, ലഘുലേഖ വിതരണം, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസ മത്സരം, പ്രസംഗ മത്സരം, ഡോക്യുമെന്ററി പ്രദർശനം, സ്കൂൾ-കോളേജുകളിൽ ലഹരിവിരുദ്ധ ബോധവൽക്കരണം, കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ-കോളേജ് തലത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകളുടെ രൂപീകരണം, ആദിവാസി പിന്നോക്ക മേഖലകളിൽ പ്രത്യേക പദ്ധതി പ്രകാരമുള്ള ബോധവൽക്കരണ പരിപാടികൾ, കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റുകളിലും റെയിൽവേസ്റ്റേഷൻ എന്നിവിടങ്ങളിലെ സി.സി. ടി.വി. വഴിയുള്ള ബോധവൽക്കരണം, റെയിൽവേ സ്റ്റേഷനുകളിലെ ബോധവൽക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണം, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ക്വിസ് മത്സരം, സംസ്ഥാനതലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനായി എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണ പരിശീലന ക്ലാസ്സുകൾ തുടങ്ങിയവയാണ് മദ്യാസക്തിക്കെതിരായ ബോധവൽക്കരണം നടപ്പാക്കുന്നതിന് ആസൂത്രണം ചെയ്തിരിക്കുന്ന പരിപാടികൾ. ഈ പ്രവർത്തനങ്ങളിൽ സന്നദ്ധ സംഘടനകളുടെയും നാഷണൽ സർവ്വീസ് സ്കീം, കുടുംബശ്രീ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, റസിഡന്റ്സ് അസോസിയേഷനുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ തുടങ്ങിയവയുടെയും സഹകരണം പ്രയോജനപ്പെടുത്തുന്നുണ്ട്.

വക്കം-അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കായിക്കര പാലം

96 (101) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വക്കം-അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കായിക്കര പാലം നിർമ്മാണത്തിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി എന്തു തുക ചെലവഴിക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ ;

(സി) നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കായിക്കര പാലം നിർമ്മാണത്തോടനുബന്ധിച്ചുള്ള അപ്രോച്ച് റോഡിന് സ്ഥലം പഞ്ചായത്താണ് ഏറ്റെടുത്ത് നൽകേണ്ടത്. ടി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്. പൊന്നുംവിലയ്ക്കെടുക്കുന്നതിനുള്ള അർത്ഥനാ ഫാറവും വിശദാംശങ്ങളും എൽ.എ. തഹസീൽദാർക്ക് കൈമാറി വിവരം അടിയന്തരമായി അറിയിക്കാൻ വക്കം പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്.

(ബി) വക്കം കായിക്കര പാലത്തിന്റെ നിർമ്മാണത്തിന് 2012 പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ നിരക്ക് പ്രകാരം 1925 ലക്ഷം രൂപയുടെ പ്രാഥമിക എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടായിരുന്നു. എന്നാൽ ഇതിനായി നിലവിലെ നിരക്ക് അനുസരിച്ച് ഏകദേശം 23 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(സി) ടി പ്രവൃത്തി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏർപ്പാടാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. നബാർഡ് ഗൈഡ്‌ലൈൻ പ്രകാരം പ്രവൃത്തിക്കാവശ്യമായ സ്ഥലം പൂർണ്ണമായി ഏറ്റെടുത്താൽ മാത്രമേ അംഗീകാരം ലഭിക്കുകയുള്ളൂ. ടി സ്ഥലം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് ലഭിച്ച് നബാർഡിന്റെ അംഗീകാരം ലഭ്യമായ ഉടൻ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കുന്നതാണ്. ആരംഭിച്ച് 24 മാസങ്ങൾകൊണ്ട് ടി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുന്നു.

ഉറമുഖ വകുപ്പിന്റെ കീഴിൽ ചേർത്തല മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

97 (102) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഉറമുഖ വകുപ്പിന്റെ കീഴിൽ ഈ സർക്കാർ ചേർത്തല മണ്ഡലത്തിൽ നടപ്പിലാക്കിയ ജോലികൾ ഏതെല്ലാമാണെന്നു പറയാമോ; ഇതിനുവേണ്ടി ചെലവഴിച്ച തുക എത്രയാണെന്നു വ്യക്തമാക്കുമോ; ഈ ജോലികൾക്ക് ഭരണാനുമതി ലഭിച്ചതും ജോലികൾ നടപ്പിലാക്കിയതുമായ കാലയളവ് വിശദമാക്കുമോ; ഉറമുഖ വകുപ്പിനു കീഴിൽ ചേർത്തല മണ്ഡലത്തിൽ പുരോഗതിയിലിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉറമുഖ വകുപ്പിന്റെ കീഴിൽ ചേർത്തല നിയോജക മണ്ഡലത്തിൽ നിർമ്മാണ പ്രവൃത്തികൾ ഒന്നുംതന്നെ നടപ്പാക്കിയിട്ടില്ല.